കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമം–അധികാരവികേന്ദ്രീകരണം–കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ട്, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിന്റെ ചുമതലകളും– സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത ഉത്തരവ് നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേങ്ങൾ പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

ജി.ഒ (പി) നമ്പർ 37/96/സ.ക്ഷേ.വ. തിരുവനന്തപുരം, 1996 നവംബർ 30

---

പരാമർശം:– 1. 21/08/1995–ലെ ജി.ഒ.പി. 189/95/എൽ.എ.ഡി.
2. 30/09/1995–ലെ എഫ്.2/323271/95(1)(2)നമ്പർ ആയുള്ള സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ.
3. 01/10/1996–ലെ എഫ്.2/31482/96 നമ്പറായുള്ള സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്ത്.

## ഉത്തരവ്

പരാമർശം (1)–ൽ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ ചുമതലകളും,സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സാമൂഹ്യക്ഷേമ വകുപ്പിന്റെ ചുമതലകളും, പദ്ധതികളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് കൊണ്ട് സാമൂഹ്യക്ഷേമ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

തോമസ്. സി. ജോർജ്.

സെക്രട്ടറി

## അനുബന്ധം

## ഗ്രാമപഞ്ചായത്ത്

### സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പിലാക്കുന്ന രീതികൾ, പാലിക്കേണ്ട വ്യവസ്ഥകൾ

പ്രീ-സ്കൂൾ കുട്ടികൾക്ക് ഭക്ഷണസാധനങ്ങൾ നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക (ഡേ-കെയർ സെന്റർ - സാമൂഹ്യക്ഷേമം

പകൽ പരിപാലന കേന്ദ്രങ്ങളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്ന ചുമതലയാണ് ഈ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുള്ളത്. ഒരു കുട്ടിക്ക് ഒരു നേരത്തെ ഭക്ഷണത്തിന്(വിറക്, റേഷൻ, പലവ്യഞ്ജനം ഉൾപ്പെടെ) 50 പൈസ നിരക്കിലാണ് ഇപ്പോൾ ചെലവാക്കുന്നത്. ഇതിനുള്ള തുക സർക്കാർ നൽകുന്നു. അരിയും പയറും ചേർന്ന കഞ്ഞിയാണ് കൊടുത്തു വരുന്നത്.

മുകളിൽ പറഞ്ഞിരിക്കുന്ന തുകയ്ക്ക് പുറമേ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൊതുജന സഹകരണത്തോടു കൂടി പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന ഭക്ഷണം കൊടുക്കാവുന്നതാണ്.

ശിശുക്ഷേമ പദ്ധതികൾ നടപ്പിലാക്കുക: ക്രഷ്, ഡേ-കെയർ സെന്റർ മുതലായവ ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യാനുസരണം തുടങ്ങാവുന്നതാണ്. ഇങ്ങനെ ആരംഭിക്കുന്ന കേന്ദ്രങ്ങൾക്കുവേണ്ടിയുള്ള ചെലവ് പഞ്ചായത്ത് വഹിക്കേണ്ടതാണ്.

ഐ.സി.ഡി.എസ്. പദ്ധതി. (പഞ്ചായത്ത് തലത്തിലുള്ള അന്തേവാസികളുടെ നിയന്ത്രണവും മേൽനോട്ടവും)-അംഗൻവാടികളിലേക്ക് ആവശ്യമായ പോഷകാഹാരം എത്തിച്ചുകൊടുക്കേണ്ടത് പ്രോജക്ട് ഓഫീസറുടെ ചുമതലയാണ്.(ലോകഭക്ഷ്യപരിപാടിയിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഭക്ഷണപദാർത്ഥമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്) അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ തെരെഞ്ഞെടുക്കുന്നത് പ്രോജക്ട് തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായി സർക്കാർ നിയമിക്കുന്ന കമ്മിറ്റിയായിരിക്കും. അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ നിയമനം സ്ഥലംമാറ്റം എന്നിവ നിലവിലുള്ള പൊതു നിയമങ്ങൾക്ക് വിധേയമായി പ്രോജക്ട് ഓഫീസിൽ തന്നെ നിക്ഷിപ്തമായിരിക്കും.

ഗ്രാമപഞ്ചായത്തുകൾക്ക് അംഗൻവാടിയിലേക്ക് അനുവദിച്ചുകൊടുക്കുന്ന ഭക്ഷണ സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നുണ്ട് എന്നും നിശ്ചിത അളവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ട് എന്നും ഉറപ്പുവരുത്തുന്നതിന് സുഹൃത്സമിതികളുണ്ടാക്കി നേതൃത്വം നൽകേണ്ടതാണ്. പൂരകാഹാരത്തിന് ഇപ്പോൾ നൽകി വരുന്ന അളവ് കുട്ടികൾക്ക് 100 ഗ്രാം സി.എസ്.ബി. സ്ത്രീകൾക്ക് 100 ഗ്രാം സി.എസ്.ബി. ഇതിനുപുറമേ അംഗൻവാടികളിലെ പ്രീ സ്കൂൾ കുട്ടികൾക്ക് 60 പൈസയാണ് ഉച്ചഭക്ഷണത്തിനായി നൽകുന്നത്.

അംഗൻവാടി പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ കണ്ടാൽ പ്രോജക്ട് ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി ഐ.സി.ഡി.എസ് പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും അവ നിരീക്ഷിക്കാനും ഗ്രാമപഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും.

അംഗൻവാടി കെട്ടിടനിർമ്മാണ പദ്ധതി:- സൗജന്യമായി സ്ഥലം ലഭ്യമാകുന്നിടത്ത് നിശ്ചിത പ്ലാൻ അനുസരിച്ച് അംഗൻവാടി കെട്ടുന്നതിലേക്ക് സർക്കാർ വിഹിതമായി ലഭിക്കുന്ന തുക കൂടാതെ ആവശ്യമായിവരുന്ന തുക പൊതുജനങ്ങളിൽ നിന്ന് സമാഹരിക്കേണ്ടതാണ്. പദ്ധതി പ്രകാരമുള്ള തുക മേലിൽ ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുന്നതാണ്. സ്ഥലം ലഭ്യമാക്കി ആവശ്യ മുള്ള അധിക തുക സമാഹരിച്ച് നിശ്ചിത പ്ലാൻ അനുസരിച്ച് കെട്ടിടം പണിയുന്നതിനുള്ള ചുമതല ഗ്രാമ പഞ്ചായത്തിനാകുന്നു. എല്ലാ വർഷവും ഇതിലേക്കായി നീക്കിവയ്ക്കുന്ന തുകയ്ക്ക് പുറമേ സാമൂഹ്യക്ഷേമ വകുപ്പിന് ഈ ആവശ്യത്തിലേക്കായി അധിക തുക കണ്ടെത്താൻ കഴിഞ്ഞാൽ അതും ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിന് നൽകുന്നതാണ്. പഞ്ചായത്ത് കെട്ടിടനിർമ്മാ ണ മേൽനോട്ടം വഹിക്കേണ്ടതും ബ്ലോക്ക് എൻജിനീയർ കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി പരി ശോധിച്ച് നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണത്തിനുള്ള പണം വിതരണം ചെയ്യേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്ത് - ബാധകമല്ല

ജില്ലാ പഞ്ചായത്ത്

ഐ.സി.ഡി.എസ് പദ്ധതിയുടെ നടത്തിപ്പിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക ജില്ലാ പഞ്ചായത്തിന്റെ ചുമതലകളായിരിക്കും. ഒരു പ്രോജക്ട് പല ഗ്രാമപഞ്ചാ യത്തുകളിൽ വ്യാപിച്ച് കിടക്കുന്നതിനാൽ വിവിധഗ്രാമപഞ്ചായത്തുകളിൽ അംഗൻവാടികളുടെ കാര്യക്ഷമമായ പ്രവർത്തനം ഗ്രാമപഞ്ചായത്തുകളെയും വിവിധ വകുപ്പുകളെയും സഹകരിപ്പിച്ച് നടപ്പിലാക്കുക. പ്രോജക്ട് ആഫീസർ, സൂപ്പർ വൈസർ എന്നിവർ ഐ.സി.ഡി.എസ് പ്രവർത്തന ത്തിൽ അനാസ്ഥ കാണിക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ അവർക്ക് മാർഗനിർദ്ദേശം നൽകുക എന്നിവ ജില്ലാ പഞ്ചായത്തുകളുടെ ചുമതലയാണ്.

ആവശ്യമുള്ള സന്ദർഭങ്ങളിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, സാമൂഹ്യക്ഷേമ ഡയറക ടർ എന്നീ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തോടാവുന്നതുമാണ്.

നഗരങ്ങളിലെ അംഗൻവാടി കേന്ദ്രങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ ചുമതലകൾ നഗരസ ഭയ്ക്കായിരിക്കും.

## ബ്ലോക്ക് പഞ്ചായത്ത്

മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം നൽകേണ്ട രീതികൾ,പാലിക്കേണ്ട വ്യവസ്ഥകൾ

03/01/1997-ലെ ജി.ഒ. (എം.എസ്) 6/77/എൽ.എ.ആന്റ്.എസ്.ഡബ്ലിയു. പ്രകാരം മിശ്രവിവാഹ ദമ്പതികൾക്ക് (പട്ടികജാതി/പട്ടികവർഗം ഒഴികെ) നൽകിവരുന്ന ധനസഹായം പഞ്ചായത്ത്രാജ് സംവിധാനം നിലവിൽ വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ള താകുന്നു. (ബ്ലോക്ക് പഞ്ചായത്തിനും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും)

ധനസഹായത്തിന് അപേക്ഷ നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ മിശ്രവിവാഹദമ്പതികൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകേണ്ടതാണ്.

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി നൽകേണ്ടതാണ്.

(എ) വരുമാന സർട്ടിഫിക്കറ്റ് (ദമ്പതികൾ സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെയോ; ജന്മസ്ഥലത്തേയോ വില്ലേജാഫീസർ നൽകുന്നത്)

(ബി) മിശ്രവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് (സർട്ടിഫിക്കറ്റ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് നൽകിയതോ, പഞ്ചായത്ത് പ്രസിഡന്റ് നൽകിയതോ ഗവൺമെന്റ് അംഗീകാരമുള്ള മിശ്രവിവാഹ സംഘങ്ങൾ നൽകിയതോ പള്ളികളിലെയോ, അമ്പലങ്ങളിലെയോ വികാരി/മാനേജർ/ശ്രീകാര്യമോ നൽകിയതോ ആയിരിക്കണം).

(സി) അപേക്ഷകരുടെ ജാതി തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്.

(ഡി) ദമ്പതികൾ കഴിഞ്ഞ ഒരു വർഷമായിട്ട് ഒരുമിച്ച് കഴിഞ്ഞു വരികയാണെന്ന് തെളിയിക്കുന്നതിന് ഏതെങ്കിലും ഗസറ്റഡ് ഉദ്യോഗസ്ഥനോ, എം.എൽ.എയോ, എം.പിയോ നൽകിയ സർട്ടിഫിക്കറ്റ്.

വരുമാന അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ പരിശോധന നടത്തേണ്ടതും ആവശ്യമായ റിപ്പോർട്ട് സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനമേധാവികൾക്ക് നൽകേണ്ടതുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

അർഹമായ അപേക്ഷകൾ തെരഞ്ഞെടുക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകൾ

1. ദമ്പതികളുടെ വാർഷിക വരുമാനം 8000 രൂപയിൽ കവിയാൻ പാടില്ലാത്തതാകുന്നു.
2. നിയമപരമായി വിവാഹം രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.
3. ദമ്പതികൾക്ക് ധനസഹായത്തിന് ഒരു തവണ മാത്രമേ അർഹതയുള്ളു.
4. ധനസഹായമായി നൽകുന്ന തുക വ്യവസായം ആരംഭിക്കാൻ, സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം തുടങ്ങിയ മൂലധന നിക്ഷേപങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ടതാണ്.
5. ധനസഹായം നൽകുന്ന തുക മേൽപ്പറഞ്ഞ രീതിയിൽ വിനിയോഗിക്കുന്നാതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
6. ധനസഹായം ലഭ്യമാക്കുമ്പോൾ ദമ്പതികൾ കൂട്ടായി നിർദ്ദിഷ്ട ഫോറത്തിലുള്ള ഒരു എഗ്രിമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.
7. ദമ്പതികൾ യഥാസമയം തുക നിയമാനുസരണം വിനിയോഗിക്കാതെ വന്നാൽ, തുക ദമ്പതികളിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ റവന്യൂ റിക്കവറി പ്രകാരം ഈടാക്കേണ്ടതാണ്.
8. അപേക്ഷ വിവാഹത്തിനുശേഷം ഒരു വർഷത്തിനുശേഷം രണ്ട് വർഷത്തിനകം സമർപ്പിച്ചിട്ടുള്ളതാകണം.

കാലപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ പരിഗണിക്കേണ്ടതില്ല. എന്നാൽ കാലതാമസം മാപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവകാശമുള്ളതിനാൽ കാലതാമസം മാപ്പാക്കികിട്ടുവാനുള്ള അപേക്ഷകൾ ജില്ലാ സാമൂഹ്യ

ക്ഷേമ ഓഫീസർ പരിഗണിക്കേണ്ടതും റിപ്പോർട്ട് സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

മൂന്ന് വർഷത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

അബലാ മന്ദിരങ്ങൾ

സമൂഹത്തിലെ അശരണരും അനാഥകളും ആലംബഹീനരുമായ സ്ത്രീകളുടെ സംരക്ഷണവും വിദ്യാഭ്യാസവും ലക്ഷ്യമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് അബലാമന്ദിരങ്ങൾ. ഒരു അബലാ മന്ദിരത്തിൽ 25 സ്ത്രീകളെ വീതം സംരക്ഷിച്ചു പോരുന്നു. അമ്മമാരോടൊപ്പം വരുന്ന കുഞ്ഞുങ്ങളെ 6 വയസ്സ് പൂർത്തിയാകുന്നതുവരെ അബലാ മന്ദിരത്തിൽ കഴിയുന്നതിന് അനുവദിക്കും. അബലാ മന്ദിരങ്ങളിലെ അന്തേവാസികളുടെ എണ്ണം നിശ്ചയിക്കുന്നതിന് ഉള്ള അധികാരം, ഗവൺമെന്റിൽ നിക്ഷിപ്തമാണ്.

എന്നാൽ അന്തേവാസികളെ പ്രവേശിപ്പിക്കുന്നതിന് സ്ഥലസൗകര്യമുണ്ടെങ്കിൽ അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരം ഉണ്ടായിരിക്കും. എന്നാൽ അംഗസംഖ്യ വർദ്ധിപ്പിക്കുകയാണെങ്കിൽ അതിന് ഉണ്ടാകുന്ന അധിക ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രവേശനം ലഭിക്കുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ ബാധകമാണ്. 13 വയസ്സ് പൂർത്തിയായ താഴെപ്പറയുന്ന വിഭാഗത്തിലുള്ള എല്ലാ സ്ത്രീകളും അബലാ മന്ദിരങ്ങളിൽ പ്രവേശനത്തിന് അർഹരാണ്.

1. വിധവകൾ, മറ്റാരും തന്നെ സംരക്ഷിക്കാൻ ഇല്ലാത്തവർ
2. ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ
3. വിവാഹബന്ധം വേർപ്പെടുത്തപ്പെട്ട സ്വതന്ത്രമായും സുരക്ഷിതമായും ജീവിക്കാൻ സാധ്യതയില്ലാത്തവർ
4. അവിവാഹിതരായ അമ്മമാർ, അശരണരും അനാഥകളുമായ സ്ത്രീകൾ തുടങ്ങിയവർ

വെള്ളക്കടലാസിൽ എന്തുകൊണ്ട് പ്രവേശനം ആഗ്രഹിക്കുന്നുവെന്നുള്ള കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ പ്രവേശനം ആഗ്രഹിക്കുന്നയാൾ അബലാമന്ദിരം സൂപ്രണ്ടിന് നേരിട്ട് നൽകാവുന്നതാണ്. അനാഥരും അവിവാഹിതകളുമായ അമ്മമാരെ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്യുന്ന കേസാണെങ്കിൽ പ്രസ്തുത ആശുപത്രിയിലെ ബന്ധപ്പെട്ട മെഡിക്കൽ ആഫീസറുടെ അപേക്ഷ, സൂപ്രണ്ടിന് നൽകേണ്ടതാണ്. സൂപ്രണ്ടിനെ നേരിട്ട് കണ്ട് അപേക്ഷ നൽകുന്നവർക്കും താൽക്കാലികമായി പ്രവേശനം നൽകുന്നതാണ്. എന്നാൽ, പ്രൊബേഷൻ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവേശനം സ്ഥിരപ്പെടുത്തുകയുള്ളു.

ബ്ലോക്ക് പഞ്ചായത്തിലെ വനിതാമെമ്പർ/മുനിസിപ്പൽ കൗൺസിൽ/മുനിസിപ്പൽ കോർപ്പറേഷനിലെ വനിതാമെമ്പർ ചെയർമാനായി ഒരു സുഹൃദ്സമിതി രൂപീകരിക്കേണ്ടതും ടി സുഹൃദ്സമിതിയിൽ വനിതാമെമ്പർമാർ അംഗമായിരിക്കേണ്ടതുമാണ്. ടി സുഹൃദ് സമിതി സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട എല്ലാ സഹായങ്ങളും മാർഗ്ഗനിർദ്ദേശവും നൽകേണ്ടതുമാണ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും വീഴ്ചയോ ന്യൂനതകളോ ഉണ്ടെങ്കിൽ ജില്ലാ സാമൂഹ്യക്ഷേമ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടേണ്ടതുമാണ്. അബലാ മന്ദിരങ്ങളിലെ അന്തേവാസികളുടെ വിവാഹാവശ്യത്തിലേക്കായി സർക്കാർ നൽകുന്ന ധനസഹായം അപര്യാപ്തമായതിനാൽ ഇതിലേക്കാവശ്യമായ തുക സ്വരൂപിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കും. കുടാതെ അന്തേവാസികളുടെ സംരക്ഷണം, ഭക്ഷണം, എന്നിവ മെച്ചപ്പെടുത്തുവാനും അതിനുള്ള തുക ലഭ്യമാക്കാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ

ക്ക് അധികാരമുണ്ടായിരിക്കും. സ്ഥാപനങ്ങളുടെ സുഗമപ്രവർത്തനവും മേൽനോട്ടവും തദ്ദേശസ്വയംഭരണ കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

<u>കെയർഹോം ഫോർ ഡിസ്ഏബിൾഡ് ചിൽഡ്രൻ; ; ചിൽഡ്രൻസ് ഹോം; കസ്റ്റോഡിയൻ, കെയർ ഹോം; ഗവൺമെന്റ് ബാലസദൻ.</u>

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ശാരീരികമായും മാനസികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിൽ ഉള്ള കുട്ടികളുടെ സംരക്ഷണം, സുരക്ഷിതത്വം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്.

അഡ്മിഷനുള്ള മാനദണ്ഡം:-4 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. ചിൽഡ്രൻസ് ഹോമിൽ കുഷ്ഠരോഗികളുടെ രോഗബാധയില്ലാത്ത കുട്ടികളെ പ്രവേശിപ്പിക്കുന്നു. യാതൊരു കാരണവശാലും വയസ്സിളവ് അനുവദിക്കുന്നതല്ല. ഗവൺമെന്റെ ബാലസദനങ്ങളിലെ അഡ്മിഷൻ അനാഥരും അലഞ്ഞ് തിരിഞ്ഞു നടക്കുന്ന കുട്ടികൾക്കും വേണ്ടി പരിമിതപ്പെടുത്തിയിരിക്കുന്നു.

ഗവൺമെന്റെ ബാലസദനിൽ ഒഴികെ മറ്റു സ്ഥാപനങ്ങളിലെ അഡ്മിഷൻ രക്ഷകർത്താവ് വെള്ളക്കടലാസിൽ അപേക്ഷ സ്ഥാപന മേധാവിക്ക് നൽകിയാൽ മതി. അനാഥാലയങ്ങൾ, പുവർ ഹോം, മഹിളാ മന്ദിരങ്ങൾ, ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളിലെ അന്തേവാസികളെ ചിൽഡ്രൻസ് ഹോമിൽ പ്രവേശനം ലഭിക്കാൻ അർഹതയുണ്ടെങ്കിലും അതിന് ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ, റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ അംഗീകാരം പിന്നീട് തേടേണ്ടതാണ്. ചിൽഡ്രൻസ് ഹോമിൽ പ്രവേശനം ലഭിക്കണമെങ്കിൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടിക്ക് രോഗബാധയില്ലായെന്ന് സർട്ടിഫിക്കറ്റ്, മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം.

കോടതികളുടെ നിർദ്ദേശപ്രകാരമോ പ്രൊബേഷൻ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ഗവൺമെന്റ് ബാലസദനത്തിൽ പ്രവേശനം നൽകുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാനം 2400 രൂപയിൽ കൂടാൻ പാടില്ലാത്തതുമാകുന്നു. ക്ഷേമ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്ന അന്തേവാസികളുടെ സംരക്ഷണച്ചെലവിനായി രക്ഷകർത്താവിന്റെ വരുമാനമനുസരിച്ച് താഴെപ്പറയുന്ന തരത്തിൽ നാമമാത്രമായ തുക വസൂലാക്കാവുന്നതാണ്.

| | |
|---|---|
| 3600 രൂപവരെ തുകയൊന്നും ഈടാക്കുന്നില്ല | |
| 3601 രുപ മുതൽ 4800 രൂപവരെ | 15 രൂപ |
| 4801 രുപ മുതൽ 6000 രൂപവരെ | 20 രൂപ |
| 6001 രുപ മുതൽ 7200 രൂപവരെ | 25 രൂപ |
| 7201 രുപയ്ക്ക് മുകളിൽ | 35 രൂപ |

സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണച്ചെലവിന് ഉള്ള തുക പ്രതിമാസം 250 രൂപയും മരുന്ന്, കിടക്ക, വസ്ത്രം എന്നിവയ്ക്ക് പ്രതിവർഷം 200 രൂപയും വിദ്യാഭ്യാസ ചെലവിന് 350 രൂപയും അനുവദിച്ചിട്ടുളതാകുന്നു. മഹിളാ മന്ദിരങ്ങളിലെ അന്തേവാസികളോടോപ്പം പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ സംരക്ഷണത്തിന് 100 രൂപയും നൽകുന്നുണ്ട്. ഹോം ഫോർ ദി ഫിസിക്കലി ഹാൻഡികാപ്പ്ഡ് (ഓൾഡ് ആന്റ് ഇൻഫേം) വൃദ്ധസദനം എന്ന സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കണമെങ്കിൽ പ്രവേശനം ആഗ്രഹിക്കുന്ന വ്യക്തി വെള്ള കടലാസിൽ അപേക്ഷ നൽകിയാൽ മതി. അപേക്ഷയോടോപ്പം പ്രൊബേഷൻ ആഫീസറുടെയോ മെഡിക്കലാഫീസ

റുടേയോ അംഗീകൃത സന്നദ്ധ സംഘടനകൾ നൽകിയ ശുപാർശക്കത്തും ഉണ്ടായിരിക്കണം. വൃദ്ധസദനങ്ങളിൽ പ്രവേശനം ലഭിക്കണമെങ്കിൽ അപേക്ഷകന് 55 വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരിക്കണം. ക്ഷേമ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി സ്ഥാപനം സ്ഥിതിചെയ്യുന്ന വാർഡിലെ മെമ്പർ പ്രസിഡന്റായി ഒരു സുഹൃദ് സമിതി രൂപീകരിക്കാവുന്നതും ടി സമിതിയിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലെ പ്രസിഡന്റ് അംഗമായിരിക്കേണ്ടതുമാണ്. സ്ഥാപനങ്ങളുടെ നിജപ്പെടുത്തിയിരിക്കുന്ന അംഗസംഖ്യയിൽ കൂടുതൽ പേർക്ക് പ്രവേശനം നൽകണമെങ്കിൽ അതിനുള്ള തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. പുതുതായി വ്യക്തികളെ പ്രവേശിപ്പിക്കുന്നുവെങ്കിൽ പ്രവേശനത്തിന് പാലിച്ചുപ്പോരുന്ന വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുണ്ട്. അന്തേവാസികളുടെ സംരക്ഷണം, താമസസൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ കര്യങ്ങളിൽ പഞ്ചായത്ത് ശ്രദ്ധചെലുത്തേണ്ടതും സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ അത് ജില്ലാ സാമൂഹ്യക്ഷേമ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടേണ്ടതാണ്.

<u>വികലാംഗവിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ:-</u> ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വികലാംഗവിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യായന വർഷത്തിൽ പരമാവധി 10 മാസത്തേക്ക് പ്രതിമാസം 30 രൂപ വീതം സ്കോളർഷിപ്പായും പാഠ്യോപകരണങ്ങൾക്കായി പ്രതിവർഷം 25 രൂപ അലവൻസായും നൽകാവുന്നതാണ്.

അഞ്ചുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യായന വർഷത്തിൽ പരമാവധി 10 മാസത്തേക്ക് പ്രതിമാസം 45 രൂപ നിരക്കിൽ സ്കോളർഷിപ്പായും പാഠ്യോപകരണങ്ങൾക്കായി പ്രതിവർഷം 40 രൂപ അലവൻസായും നൽകാവുന്നതാണ്. അന്ധരായ വിദ്യാർത്ഥികൾ വായനസഹായിയുടെ സേവനം ഉപയോഗപ്പെടുത്തുന്നു എന്ന് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർക്ക് വായനബത്തയായി പ്രതിമാസം 25 രൂപ നൽകാവുന്നതാണ്. കൃത്രിമ ഉപകരണങ്ങൾ ഉപയോഗിക്കുന്ന അസ്ഥി സംബന്ധമായ വൈകല്യം ഉള്ളവർക്ക് ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 25 രൂപ കൂടുതലായി നൽകാവുന്നതാണ്.

പ്രത്യേകവാഹന സൗകര്യം ഉപയോഗിക്കുന്നവർക്ക് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടി സ്ഥാനത്തിൽ പ്രതിമാസം 15 രൂപ കൂടുതലായി നൽകാവുന്നതാണ്.

വീട്ടിൽ നിന്നും വന്നുപോയി പഠിക്കുന്നവർക്ക് 9 മുതൽ 12 വരെ (പ്രീ-ഡിഗ്രി) പ്രതിമാസം 85 രൂപയും ഡിഗ്രി തലത്തിലുള്ളവർക്ക് പ്രതിമാസം 125 രൂപയും ഡിപ്ലോമാ കോഴ്സുകൾക്കും ബിരുദാനന്തര ബിരുദങ്ങൾക്ക് പഠിക്കുന്നവർക്കും 170 രൂപയും നൽകി വരുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് 9 മുതൽ 12 വരെ (പ്രീഡിഗ്രി) പ്രതിമാസം 140 രൂപയും ഡിഗ്രിതലത്തിൽ പ്രതിമാസം 180 രൂപയും ഡിപ്ലോമ ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് പ്രതിമാസം 240 രൂപയും നൽകുന്നു. അന്ധർക്ക് വായനാസഹായി ബത്തയായി 9 മുതൽ 12 വരെ (പ്രീ-ഡിഗ്രി) പ്രതിമാസം 50 രൂപയും ഡിഗ്രി തലത്തിൽ പ്രതിമാസം 75 രൂപ യും ഡിപ്ലോമ ബിരുദാനന്തര ബിരുദം എന്നിവയ്ക്ക് പ്രതിമാസം 100 രൂപയും നൽകുന്നു. ഇതിനു പുറമേ പ്രത്യേക ഉപകരണങ്ങൾ ഉപയോഗിക്കുന്ന അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്ക് പ്രതിമാസം 25 രൂപയും പ്രത്യേക യാത്രാസംവിധാനം ഉപയോഗിക്കുന്നവർക്ക് പ്രതിമാസം 50 രൂപയും പ്രത്യേക അലവൻസായി നൽകുന്നു.

1. അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ, അന്ധർ, ബധിരർ, കുഷ്ഠരോഗ വിമുക്തർ, മസ്തിഷ്കത്തിന്റെ തകരാറുനിമിത്തം മാംസപേശികൾക്കുണ്ടാകുന്ന വലിവുമൂലമോ, പിടുത്തം മൂലമോ വൈകല്യം സംഭവിച്ചവർ, മുതലായവർക്ക് ഈ സ്കോളർഷിപ്പ് നൽകുന്നു.

2. സർക്കാർ നേരിട്ട് നടത്തുന്നതും സർക്കാർ അംഗീകാരത്തോടുകൂടി നടത്തപ്പെടുന്ന സ്കൂളുകളിൽ പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകുന്നത്.

3. വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ കവിയരുത്. വരുമാന സർട്ടിഫിക്കറ്റ് വില്ലേജാഫീസിൽ നിന്ന് ലഭ്യമാക്കിയിരിക്കണം.

4. വികലാംഗപെൻഷൻ ലഭിക്കുന്നവർക്ക് സ്കോളർഷിപ്പിന് അർഹരല്ല.

5. സൗജന്യ താമസസൗകര്യവും ഭക്ഷണവും ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയില്ല. അന്ധരായവർക്ക് വായനസഹായി ബത്ത മാത്രം നൽകാവുന്നതാണ്.

6. വിദ്യാർത്ഥികൾക്ക് മിനിമം 75% ഹാജരുണ്ടായിരിക്കണം.

7. മുൻവർഷാവസാനപരീക്ഷയിൽ 40 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി വിജയിച്ചിരിക്കണം

8. ഒരു ക്ലാസ്സിൽ ഒന്നിൽ കൂടുതൽ വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ടാം വർഷം സ്കോളർഷിപ്പ് നൽകേണ്ടതില്ല.

ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾക്ക് വേണ്ടി ജില്ലാ സാമൂഹ്യ ക്ഷേമ ആഫീസർമാർ അപേക്ഷ സ്വീകരിക്കുന്നതും വിശദമായ പരിശോധന നടത്തി അർഹമായവരുടെ ലിസ്റ്റ് ധനസഹായം നൽകുന്നതിലേക്കായി വ്യക്തമായ നിർദ്ദേശത്തോടുകൂടി റിപ്പോർട്ട് മേൽ നടപടികൾക്കായി അതാ തു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

<u>അനാഥാലയങ്ങൾക്ക് ഗ്രാൻഡ് നൽകുന്നത് സംബന്ധിച്ച്:-</u>

ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് സൂപ്പർവിഷൻ ആന്റ് കൺട്രോൾ ആക്ട് 1960 മുതൽ 1961-ലെ നിയമതത്വങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്നതും സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിലുള്ളതുമായ അനാഥാലയങ്ങൾക്കും വൃദ്ധമന്ദിരങ്ങൾക്കും ശിശുഭവനങ്ങൾക്കും ബഗർ ഹോമുകൾക്കും പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണചെലവിനായി സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്.

ഓർഫനേജ് നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിധേയമായാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ പ്രവർത്തനം.

ഓർഫനേജ് ബോർഡിലെ അംഗങ്ങളിൽ 3 പേർ തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ സാമാജികരും 5 പേർ സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിലുള്ള അനാഥശാലകളുടെയും മറ്റു ധർമ സ്ഥാപനങ്ങളുടേയും മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ പ്രിഫറൻഷ്യൽ വോട്ടിംഗ് സമ്പ്രദായ പ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരും സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയും 6 അംഗങ്ങളിൽ ഒരാൾ എം പി യും 3-ൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളുമായിരിക്കണമെന്ന വ്യവസ്ഥയ്ക്ക്

വിധേയമായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരും ഉൾപ്പെടെ15 പേർ അംഗങ്ങളാണ്. കാലാവധി 5 വർഷം.

മേൽപ്പറഞ്ഞ അംഗങ്ങളിൽ നിന്നും ഒരാളെ രഹസ്യബാലറ്റിലൂടെ ചെയർമാനായി തെരഞ്ഞെടുക്കുന്നു. ഇതിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട എം.പി., എം.എൽ.എ വിഭാഗങ്ങളിലെ അംഗങ്ങളുടെ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്.

ഓർഫനേജ് ബോർഡിലെ അംഗങ്ങളാണ് ഓരോ സ്ഥാപനങ്ങളുടെയും നടത്തിപ്പിനെക്കുറിച്ച് മാർഗനിർദേശങ്ങളും പരിശോധനയും നിർവഹിക്കേണ്ടത്. ഓരോ ജില്ലയിലേക്കും ഓരോ അംഗങ്ങളെ ഇതിലേക്കായി ബോർഡ്ചുമതല ഏൽപിക്കും. ഓർഫനേജ് ബോർഡിന്റെ അംഗീകാരത്തോടുകൂടി മാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാവു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഒരു സ്ഥാപനം പ്രവർത്തിച്ചുതുടങ്ങുന്ന മുറയ്ക്ക് ബോർഡിന്റെ അംഗീകാരത്തിനായി മെമ്പർ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചാൽ ബന്ധപ്പെട്ട ജില്ലയിലെ മെമ്പർ സ്ഥാപനം സന്ദർശിച്ച്, പരിശോധന നടത്തി അന്തേവാസികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള താമസസൗകര്യം, ശുചീകരണ സൗകര്യങ്ങൾ ആരോഗ്യ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി അടുത്തുകൂടുന്ന ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് തൃപ്തികരമെന്ന് ബോർഡിന് ബോധ്യപ്പെട്ടാൽ പ്രസ്തുത സ്ഥാപനത്തിന് അംഗീകാരം നൽകും. അപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റിന്റെ കാലാവധി 7 വർഷമാണ്. പുതിയ സ്ഥാപനത്തിന് അംഗീകാരം നൽകുന്നതിനും നിലവിലുള്ള സ്ഥാപനങ്ങളുടെ അംഗീകാരം പുതുക്കുന്നതിനും അംഗീകാരം നൽകിയിട്ടുള്ള അന്തേവാസികളുടെ എണ്ണം വർദ്ധിപ്പിക്കാനും ഇതേ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ആവിർഭാവത്തോടുകൂടി അനാഥശാലകൾ, ശിശുഭവനങ്ങൾ, വൃദ്ധ മന്ദിരങ്ങൾ, ബഗർ ഹോമുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കാനുള്ള അധികാരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

ഇതിൻപ്രകാരം 80 അന്തേവാസികളെ വരെ താമസിപ്പിക്കുന്ന സ്ഥാപനങ്ങൾ പരിശോധന നടത്തേണ്ട ചുമതല ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്കും 80–ന് മേൽ 150 വരെയുള്ള സ്ഥാപനം സാമൂഹ്യക്ഷേമ മേഖലാ അസിസ്റ്റൻഡ് ഡയറക്ടർക്കും 150 പേരിൽ കൂടുതൽ പേരെ പാർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ  പരിശോധന നടത്തേണ്ട ചുമതല അഡീഷണൽ ഡയറക്ടർ, ഡയറക്ടർ എന്നിവർക്കുമാണ്.

ഇതിലേക്കുള്ള അപേക്ഷകൾ അതാത് സാമ്പത്തികവർഷം സെപ്റ്റംബർ 30–നകം ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ/സാമൂഹ്യക്ഷേമ വകുപ്പ് മേഖലാ അസിസ്റ്റൻന്റ് ഡയറക്ടർ/ഡറക്ടർ എന്നിവരുടെ കാര്യാലയങ്ങളിൽബന്ധപ്പെട്ട സ്ഥാപനങ്ങൾ അയച്ചുകൊടുക്കേണ്ടതാണ്.

ലഭ്യമായ അപേക്ഷകൾ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥൻമാർ യഥാസമയം പരിശോധന നടത്തി അർഹത നിർണയിച്ച് അനുവദിക്കേണ്ട തുകയ്ക്കുള്ള അർഹതാ സർട്ടിഫിക്കറ്റ് ജില്ലാ സാമൂഹ്യക്ഷേമ ആഫീസർക്ക് അയച്ചുകൊടുക്കുന്നതും ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ ഗ്രാൻഡ് അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതുമാണ്. ഗ്രാൻഡ് അനുവദിക്കുന്നതിനുള്ള അന്തിമ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും.

## I. ഗ്രാന്റ് നൽകുന്നതിനുള്ള നിബന്ധനകൾ

(1) അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 5–നും 21–നും മദ്ധ്യേ പ്രായമുള്ള അനാഥരോ അഗതികളോ ആയിരിക്കണം

(2) ധനസഹായം കുട്ടികളുടെ സംരക്ഷണച്ചെലവിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

(3) ഒരു കുട്ടിക്ക് ഏറ്റവും കുറഞ്ഞത് 24 ചതുരശ്ര അടി സ്ഥലസൗകര്യം ഉണ്ടായിരിക്കണം.

(4) പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യത്തിനായി 10 കുട്ടികൾക്ക് ഒരു കക്കൂസും കുളിമുറിയും എന്ന കണക്കിൽ 100 കുട്ടികൾക്ക് 10 കക്കൂസും 10 കുളിമുറിയും ഉണ്ടായിരിക്കണം. 100 കുട്ടികളിൽ അധികം വരുന്ന ഓരോ 20 കുട്ടിക്കും ഒരു കക്കൂസും ഒരു കുളിമുറിയും എന്ന ക്രമത്തിൽ ഉണ്ടായിരിക്കണം.

(5) അക്കൗണ്ട്സ് രജിസ്റ്റേഴ്സ്, അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, വിസിറ്റേഴ്സ് ബുക്ക്, മിനിറ്റ് ബുക്ക്, കാഷ് ബുക്ക്, പരാതി പുസ്തകം, ആഫീസ് ഉത്തരവ് ബുക്ക്, സ്റ്റാഫ് രജിസ്റ്റർ, അക്വിറ്റൻസ് റോൾ, സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ, ലഡ്ജർ എന്നിവ സൂക്ഷിച്ചിരിക്കണം. മേൽപ്പറഞ്ഞവ പരിശോധനയ്ക്ക് നിയോഗിക്കപ്പെടുന്നയാൾ പരിഗണിക്കേണ്ടതുണ്ട്.

## II. കൂടാതെ അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഉണ്ടോ എന്ന് നോക്കി ബോദ്ധ്യപ്പെടുത്തണം:

(1) ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്ത മൂന്നു വർഷത്തെ കണക്കുകൾ (1996–97–ലെ ഗ്രാന്റ് അനുവദിക്കുന്നത് 1995–96–ലെ ആഡിറ്റ് ചെയ്ത കണക്കുകളെ ആധാരമാക്കിയാണ്)

(2) രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ സർട്ടിഫൈ ചെയ്ത സാനിട്ടറി സർട്ടിഫിക്കറ്റ്.

(3) കുട്ടി സ്ഥാപനത്തിൽ ഏപ്രിൽ മുതൽ മാർച്ചു വരെ താമസിച്ച കാലയളവ് കുട്ടിയുടെ പേരും അഡ്മിഷൻ നമ്പരും ആകെ താമസിച്ച കാലയളവ് – അപ്പെൻഡിക്സ് – 5

(4) അപ്പെൻഡിക്സ് 6–ൽ ഗ്രാന്റിനർഹമായ അന്തേവാസിയുടെ പേര്, ജനന തീയതി, വിദ്യാഭ്യാസ സ്ഥാപനത്തിൽ ചേർത്ത തീയതി, പഠിക്കുന്ന സ്കൂളും, ക്ലാസും ഓർഫനേജിൽ നിന്നും വിടുതൽ ചെയ്ത തീയതി, ജാതി,മതം, രക്ഷകർത്താവിന്റെ വാർഷിക വരുമാനം മുതലായവ രേഖപ്പെടുത്തിയിരിക്കണം.

(5) ഓരോ കുട്ടിക്കും അനാഥാലയാധികൃതർ തഹസീൽദാരിൽ നിന്നും വാങ്ങിയ ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് സൂക്ഷിച്ചിരിക്കണം. അപേക്ഷയോടൊപ്പം ഇതു വാങ്ങി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്മാത്രം വയ്ക്കുകയും പരിശോധനാ ഉദ്യോഗസ്ഥന് സ്ഥാപനം സന്ദർശിക്കുന്ന സമയത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(6) വിദേശ ധനസഹായം ലഭിക്കാത്ത സ്ഥാപനമാണെങ്കിൽ ധനസഹായം ലഭിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വയ്ക്കേണ്ടതും സ്ഥാപനം പരിശോധിക്കുന്നയാൾ കണക്കുകൾ പരിശോധിക്കുമ്പോൾ ഇക്കാര്യംകൂടി പരിഗണിക്കേണ്ടതുമാണ്.

(7) ഗ്രാന്റ് ലഭിക്കുന്ന കുട്ടി പഠിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്ററുടെ ഒപ്പും സ്കൂൾ സീലും, പതിപ്പിച്ച സ്റ്റേറ്റ്മെന്റിൽ കുട്ടിയുടെ പേര്, പഠിക്കുന്ന സ്കൂൾ, ക്ലാസ്സ്, അഡ്മിഷൻ നമ്പർ, ജനനതീയതി, സ്കൂളിൽ ചേർത്ത തീയതി മുതലായവ രേഖപ്പെടുത്തിയിരിക്കണം.

(8) മുൻവർഷത്തെ ഗ്രാന്റിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഒപ്പോടുകൂടി രണ്ട് കോപ്പി എന്നിവ അപേക്ഷയോടൊപ്പം ചേർത്തിരിക്കണം.

മേൽപ്പറഞ്ഞ രേഖകൾ പരിശോധന നടത്തിയശേഷം ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നത്.

പരിശോധനയോടനുബന്ധിച്ച് ഗ്രാന്റ് അനുവദിക്കുന്നതിലേക്കായി ബന്ധപ്പെട്ട സ്ഥാപനത്തിലെ കറസ്പോണ്ടന്റിന്റെ ഒപ്പോടുകൂടിയ ബിൽ ഫോറം (3 കോപ്പി) സ്റ്റാമ്പ് ഒട്ടിച്ച് വാങ്ങേണ്ടതാണ്. ബിൽ ഗ്രാന്റ് അനുവദിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ മേലൊപ്പ് പതിച്ച് ട്രഷറിക്കും സ്ഥാപനത്തിനും അയച്ച്കൊടുക്കുന്നതാണ്.

വൃദ്ധമന്ദിരങ്ങൾ:- 55 വയസ്സിനുമേൽ പ്രായമുള്ളവരെയാണ് ഇത്തരം സ്ഥാപനങ്ങളിൽ അന്തേവാസികളാക്കി പാർപ്പിച്ചിട്ടുള്ളത്. പ്രതിമാസം 100 രൂപ ഈ വിഭാഗത്തിൽപ്പെട്ട അന്തേവാസികൾക്കും സംരക്ഷണച്ചെലവിനായി നൽകുന്നുണ്ട്. അനാഥശാലകൾക്ക് ഗ്രാന്റ് നൽകുന്ന മാനദണ്ഡം തന്നെയാണ് ഇക്കാര്യത്തിലും പാലിച്ചു പോരുന്നത്.

രണ്ട് വർഷം പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കേ ഗ്രാന്റിന് അർഹതയുള്ളൂ. അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ട രേഖകളിൽ സ്കൂൾ സർട്ടിഫിക്കറ്റ് ഒഴികെയുള്ള രേഖകൾ ഇതിനും ബാധകമാണ്.

ശിശുഭവനങ്ങൾ- 5 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കാണ് ഇത്തരം സ്ഥാപനങ്ങളിൽ സംരക്ഷണം ലഭിച്ചുവരുന്നത്. പ്രതിമാസം 100 രൂപയാണ് സംരക്ഷണച്ചെലവ്.

ബഗർ ഹോമുകൾ: മൂന്ന് ബഗർ ഹോമുകൾക്കും ധനസഹായം നൽകുന്നുണ്ട്. അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് പാലിക്കുന്ന നടപടിക്രമങ്ങൾ തന്നെയാണ് ഇതിലും പാലിച്ച് പോരുന്നത്. (സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ആവശ്യമില്ല.)

ധനസഹായത്തിനുള്ള അപേക്ഷകൾ ആവശ്യമായ രേഖകളോടുകൂടി നിശ്ചിത ഫാറത്തിൽ മുൻവർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകളോട് കൂടി സെപ്റ്റംബർ 30-നകം ബന്ധപ്പെട്ട ഓഫീസിലേക്ക് അയച്ചിരിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായത്തിനുള്ള നടപടികൾ പാലിക്കുന്നതുമാണ്.

<u>വികലാംഗർക്കായുള്ള ഭവനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ് നൽകൽ:</u>

വികലാംഗരുടെ സംരക്ഷണത്തിനായി സന്നദ്ധസംഘടനകൾ നടത്തുന്ന ഭവനങ്ങളിലെ അന്തേവാസികൾക്ക് അവരുടെ ഹാജർ നിലവാരം കണക്കിലെടുത്ത് പ്രതിമാസം 100 രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് നൽകുന്നു. അന്തേവാസികളുടെ കുടുംബ വാർഷികവരുമാനം 24,000 രൂപയിൽ കവിയാൻ പാടില്ല. ഒരു സ്ഥാപനത്തിൽ പരമാവധി എത്ര അന്തേവാസികൾക്ക് ഗ്രാന്റ് നൽകാമെന്ന് സർക്കാർ നൽകിയിട്ടുള്ള അംഗീകാര സർട്ടിഫിക്കറ്റ് പരിശോധിച്ചുവേണം ഗ്രാന്റ് നൽകാൻ. ഗ്രാന്റ് നൽകുന്നതിന് മുമ്പായി കഴിഞ്ഞ വർഷങ്ങളിലെ ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധിക്കേണ്ടതാണ്. ഗ്രാന്റായി നൽകിയ തുക മുഴുവൻ വിനിയോഗിച്ചില്ലെങ്കിൽ മിച്ചം തുക അടുത്ത സാമ്പത്തിക വർഷത്തെ ഗ്രാന്റിൽ വകകൊള്ളിക്കേണ്ടതാണ്. ഓരോ അന്തേവാസിയും ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ് പരിശോധിക്കേണ്ടതാണ്. അംഗവൈകല്യം തെളിയിക്കുന്നതിനുള്ള വിദഗ്ദ്ധ ഡോക്ടറുടെ സർട്ടിഫിക്കറ്റുകൂടി പരിശോധിച്ചതിനുശേഷം മാത്രമേ ഗ്രാന്റ് നൽകാവൂ. വികലാംഗ പെൻഷനോ വേറെ ഏതെങ്കിലും ധനസഹായമോ കേരള സർക്കാരിൽ

നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ മറ്റ് സന്നദ്ധ സംഘടനകളിൽ നിന്നോ കൈപ്പറ്റുന്നവർക്ക് ഈ ഗ്രാന്റ് നൽകേണ്ടതില്ല. സ്ഥാപനം 1955–ലെ തിരുവിതാംകൂർ കൊച്ചി ലിറ്ററസി സയന്റിഫിക് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (12)അനുസരിച്ചോ 1960–ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (21) അനുസരിച്ചോ രജിസ്റ്റർ ചെയ്ത് രണ്ട് കൊല്ലം തൃപ്തികരമായി പ്രവർത്തിച്ചിരിക്കണം. സ്ഥാപനം ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതും ഒരു അന്തേവാസിക്ക് താമസിക്കുന്നതിന് കുറഞ്ഞത് 30 ചതുരശ്ര അടി ഡോർമിറ്ററി സ്ഥലം ഉൾക്കൊണ്ടതും ആയിരിക്കണം. അന്തേവാസികളുടെ ശുചീകരണത്തിനും, വിദ്യാഭ്യാസത്തിനും മറ്റ് കായികവിനോദങ്ങൾക്കും സ്ഥാപനത്തിൽ സൗകര്യം ഉണ്ടായിരിക്കണം. 18 വയസ്സിന് താഴെയുള്ളവരെയും 18–നും 45–നും ഇടയ്ക്ക് പ്രായമുള്ളവരെയും 45 വയസ്സിനു മുകളിൽ പ്രായമുള്ളവരെയും സ്ത്രീ പുരുഷ വ്യത്യാസത്തിൽ പ്രത്യേകം പ്രത്യേകം താമസിപ്പിക്കേണ്ടതാണ്. സ്ഥാപനത്തിലെ മുൻവാർഷിക കണക്കുകൾ പരിശോധിച്ച് തൃപ്തി വരുത്തേണ്ടതാകുന്നു. സ്ഥാപനത്തിലെ കണക്ക് ആഡിറ്റ് ചെയ്തതുമായിരിക്കണം. താഴെപ്പറയുന്ന രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

1. അഡ്മിനിസ്ട്രേറ്റീവ് രജിസ്റ്റർ
2. അറ്റൻഡൻസ് രജിസ്റ്റർ
3. ക്യാഷ്ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ദൈനംദിന വരവ്ചെലവ് കണക്കുകൾ
4. ഇൻസ്ട്രഷൻ ഡയറി
5. വിസിറ്റേഴ്സ് ഡയറി

ലഭ്യമായ അപേക്ഷകളുടെ അർഹത ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാർ സന്നദ്ധ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പരിശോധന നടത്തുന്നതും അർഹത നിശ്ചയിച്ച് ആവശ്യമായ റിപ്പോർട്ട്/ജില്ലാപഞ്ചായത്ത് മുനിസിപ്പാലിറ്റീസ്/കോർപ്പറേഷനുകൾക്ക് അയച്ചുകൊടുക്കേണ്ടതും റിപ്പോർട്ടിൻമേൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മേൽനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>മന്ദബുദ്ധികളായ ആളുകൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകൽ, അത്തരം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കൽ:</u>

സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന 21 വയസ്സിനു താഴെയുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസം 60 രൂപ നിരക്കിൽ പരമാവധി 10 മാസത്തേക്ക് 600 രൂപ സ്കോളർഷിപ്പായും ഡ്രസ് അലവൻസായി പ്രതിവർഷം 40 രൂപയും പാഠ്യോപകരണങ്ങൾക്കുള്ള അലവൻസായി ഒരു അദ്ധ്യായനവർഷം 20 രൂപയും കൂടി ആകെ ഒരു വിദ്യാർത്ഥിക്ക് ഒരു അദ്ധ്യായനവർഷം 660 രൂപ ധനസഹായം നൽകുന്നു. കുടുംബവാർഷിക വരുമാനം 26,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

സ്കോളർഷിപ്പ് നൽകുന്ന സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന യോഗ്യത ഉണ്ടായിരിക്കണം

1. സ്ഥാപനത്തിൽ താമസിച്ച് പഠിക്കുന്നവർക്കും വീട്ടിൽ നിന്ന് വന്നുപോയി പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അർഹതയുണ്ട്.
2. സ്ഥാപനത്തിന് സർക്കാർ അംഗീകാരം ലഭിച്ചതായിരിക്കണം.
3. സ്ഥാപനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് ഒരു നാലംഗ പരിശോധനാസമിതി ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സമിതിയിൽ സ്ഥാപന മേധാവി ചെയർമാനും സൈക്കോളജി ബിരുദവും, സൈക്കോ മെട്രിയിൽ പരിശീലനവും ലഭിച്ച ഒരു മനോരോഗ വിദഗ്

ദ്ധൻ, പരിശീലനം ലഭിച്ച സാമൂഹ്യ പ്രവർത്തകൻ, മന്ദബുദ്ധികളായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് പ്രത്യേകമായി വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച ഒരു അദ്ധ്യാപകനും അംഗങ്ങളായിരിക്കണം.

ലഭ്യമായ അപേക്ഷകളുടെ അർഹത ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനത്തിനു വേണ്ടി പരിശോധന നടത്തുന്നതും വിശദമായ റിപ്പോർട്ടോടുകൂടി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് മേൽ നടപടികൾക്കായി അയച്ചുകൊടുക്കേണ്ടതുമാണ്.

### വനിതകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള നടപടികൾ

### സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

പ്രതിവർഷവരുമാനം 11,400 രൂപയിൽ കുറവുള്ളവരും, പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ടുള നിയമനത്തിന് പ്രായ പരിധി കഴിഞ്ഞ സിത്രീ, ഉപേക്ഷിക്കപ്പെട്ട സ്ത്രീ, ബലാൽക്കാരത്തിന് വിധേയമായി അപമാനിതയായവർ, മാരകരോഗം ബാധിച്ചതോ ഒരു വർഷത്തിലേറെയായി ജയിൽ ശിക്ഷ അനുഭവിക്കുന്നതോ ആയ ഭർത്താവുള്ള സ്ത്രീ, വിധവ എന്നീ വിഭാഗങ്ങളിലേതിലെങ്കിലും ഉൾപ്പെടുന്നവരുമായ വനിതകൾക്ക് ഒരാൾക്ക് 2000 രൂപ എന്ന ക്രമത്തിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് ധനസഹായം അനുവദിക്കുന്നു. വ്യക്തികൾക്ക് മാത്രമായോ അല്ലെങ്കിൽ മേൽ വിവരിച്ച വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ പ്രവർത്തിക്കുന്ന സംഘടനകൾക്കോ ഈ പദ്ധതി വഴി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. 10 പേരിൽ കുറയുകയോ 25 പേരിൽ കൂടുകയോ ചെയ്ത സ്ത്രീ സംഘടനകൾക്ക് ഒരാൾക്ക് 2000 രൂപ വച്ച് 50,000 രൂപവരെ നൽകുന്നുണ്ട്. അപേക്ഷകൾ വ്യക്തിഗതമായാലും, സംഘടനവഴി ആയാലും ചെയ്യാനുദ്ദേശിക്കുന്ന തൊഴിലിന്റെ പ്രോജക്ട് റിപ്പോർട്ട് സഹിതം അതാത് ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മെമ്പർ സെക്രട്ടറിയായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ വ്യവസായ ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർ മെമ്പർമാരായുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ മേഖലകളിൽ മുനിസിപ്പൽ ചെയർമാനോ കോർപ്പറേഷൻ മേയറോ ആയിരിക്കും ഈ കമ്മിറ്റിയുടെ ചെയർമാൻ. നഗരസഭാ പ്രദേശങ്ങളിൽ നഗരസഭാ സെക്രട്ടറിയായിരിക്കും പ്രസ്തുത കമ്മിറ്റിയുടെ മെമ്പർ. ലഭ്യമായ അപേക്ഷകളിൽ പരിഗണനാർഹമായ അപേക്ഷകൾ കമ്മിറ്റി മുമ്പാകെ പരിശോധിക്കപ്പെടേണ്ടതും കമ്മിറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകർക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി തുക വിതരണം ചെയ്യുന്നതുമാണ്.